# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3507 20.06.2018-ൽ മറുപടിക്ക്**

**നാർക്കോട്ടിക് സെൽ**

| ചോദ്യം | മറുപടി |
|---|---|
| ഡോ. എം. കെ. മുനീർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം പോലീസ് ജില്ലകളിൽ നാർക്കോട്ടിക് സെല്ലുകൾ നിലവിലുണ്ട്; ഓരോ സെല്ലിന്റെയും അംഗസംഖ്യ എത്ര വീതമാണ്; | (എ) വിശദാംശം ചുവടെ ചേർക്കുന്നു<br>തിരുവനന്തപുരം സിറ്റി - 18<br>തിരുവനന്തപുരം റൂറൽ - 9<br>പത്തനംതിട്ട - 2<br>ആലപ്പുഴ - 9<br>കോട്ടയം - 8<br>ഇടുക്കി - 3<br>എറണാകുളം സിറ്റി - 8<br>എറണാകുളം റൂറൽ - 5<br>പാലക്കാട് - 4<br>മലപ്പുറം - 2<br>കോഴിക്കോട് സിറ്റി - 2<br>കോഴിക്കോട് റൂറൽ - 3<br>വയനാട് - 2<br>കണ്ണൂർ - 2<br>കാസറഗോഡ് - 2 |
| (ബി) സംസ്ഥാനത്തെ നാർക്കോട്ടിക് സെല്ലുകൾ ക്രിമിനൽ നടപടി നിയമം അനുശാസിക്കുന്ന തരത്തിലുള്ള നോട്ടിഫൈഡ് പോലീസ് സ്റ്റേഷനുകളാണോ; അല്ലെങ്കിൽ അവ നോട്ടിഫൈഡ് പോലീസ് സ്റ്റേഷൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) അല്ല.<br>നോട്ടിഫൈഡ് പോലീസ് സ്റ്റേഷനുകൾ ആക്കുന്നതു സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

| | |
|---|---|
| (സി) നാർക്കോട്ടിക് സെല്ലുകളുടെ ചുമതല വഹിക്കുന്ന ഡി.വൈ.എസ്.പി.മാർ ക്രിമിനൽ നടപടി നിയമം അനുശാസിക്കുന്ന തരത്തിലുള്ള ഓഫീസർ ഇൻ ചാർജ് ഓഫ് പോലീസ് സ്റ്റേഷൻ എന്ന പദവിയുള്ള ഉദ്യോഗസ്ഥരാണോ; അല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) അല്ല. പരിഗണനയിലില്ല. |
| (ഡി) കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ അധികാരം നൽകുന്ന എൻ.ഡി.പി.എസ്. നിയമത്തിലെ 53-ാം വകുപ്പ് പ്രകാരം നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി.മാരെ സംസ്ഥാന സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) നോട്ടിഫൈ ചെയ്തിട്ടില്ല. |
| (ഇ) നിലവിൽ നാർക്കോട്ടിക് സെല്ലുകൾ ഇല്ലാത്ത പോലീസ് ജില്ലകളിൽ നിയമാനുസൃത അധികാരമുള്ള നാർക്കോട്ടിക് സെല്ലുകൾ രൂപീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) കൊല്ലം സിറ്റി, കൊല്ലം റൂറൽ, തൃശ്ശൂർ സിറ്റി, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിൽ നാർക്കോട്ടിക് സെല്ലുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

Deepa

**സെക്ഷൻ ഓഫീസർ**